Page 1 of 1

(ബി) മരുന്ന് കുറിപ്പടികൾ ഇംഗ്ലീഷിൽ വലിയ അക്ഷരത്തിൽ എഴുതണമെന്ന മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ ശിപാർശ കേന്ദ്രസർക്കാരിന്റെ പരിഗണനയിലാണ്. ഇപ്പോഴത്തെ സാഹചര്യത്തിൽ ഡോക്ടർമാരുടെ സംഘടനയുമായി ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

**മലപ്പുറം, മുതുവല്ലൂരിൽ പുതിയ ഹോമിയോ ഡിസ്പെൻസറി**

100 (6805) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഹോമിയോ ഡിസ്പെൻസറികൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്ത പഞ്ചായത്തുകളിൽ ഇവ അനുവദിക്കുന്നതിന് മുൻഗണന നൽകുമോ ;

(സി) മലപ്പുറം ജില്ലയിലെ "മുതുവല്ലൂരിൽ" ഹോമിയോ ഡിസ്പെൻസറി സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 110 സർക്കാർ ഹോമിയോ ഡിസ്പെൻസറികൾ അനുവദിച്ചിട്ടുണ്ട്.

(ബി) മുൻഗണന നൽകുന്നുണ്ട്.

(സി) മുതുവല്ലൂരിൽ ഹോമിയോ ഡിസ്പെൻസറി സ്ഥാപിക്കുന്നകാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്.

**സർക്കാർ മെഡിക്കൽ കോളേജുകളിലെ ഡയാലിസിസ് സംവിധാനം**

101 (6806) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ഡോ. എൻ. ജയരാജ് :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ ഡയാലിസിസിനായി പ്രതിദിനം ശരാശരി എത്ര രോഗികൾ എത്തുന്നുവെന്ന് അറിയിക്കുമോ ;

(ബി) ഒരു കിഡ്നി പേഷ്യന്റിന് ഡയാലിസിസിനുമുൻപ് ഏതെല്ലാം പരിശോധനയ്ക്ക് വിധേയനാകണമെന്നും രക്തത്തിലെ വിവിധ ഘടകങ്ങളുടെ സന്തുലിതാവസ്ഥ ക്രമപ്പെടുത്തുന്നതിന് ഏതെല്ലാം മരുന്നുകൾ ഇഞ്ചക്റ്റ് ചെയ്യേണ്ടതെന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly